**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടെന്ററില്ലാതെ നിർമ്മാണ ചുമതല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണപ്രവൃത്തികളുടെ നിർമ്മാണച്ചുമതലകൾ ടെന്ററില്ലാതെ നൽകിയിട്ടുള്ളത് ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്തു വിഭാഗത്തിനു കീഴിൽ കോഴിക്കോട് ജില്ലയിൽ വി വി ഐ പി വിസിറ്റുമായി ബന്ധപ്പെട്ട രണ്ടു പ്രവൃത്തികളും ഒരു എൽ എ സി എ ഡി എസ് പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്നു പ്രവൃത്തികളുടെ ആകെ തുക 1,75,70,126/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. വി.വി.ഐ.പി വിസിറ്റ് 2016 (24.09.2016 & 25.09.2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570/- രൂപ 2. എൽ.എ.സി-എ.ഡി.എസ്- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168/- രൂപ 3. വി.ഐ.പി വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്റ്റിഫിക്കേഷൻ - 6,19,388/- രൂപ കെട്ടിട വിഭാഗത്തിനു കീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവു പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513/- രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിയെ 2,75,81,716/- രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 |

| | | | |
|---|---|---|---|
| | | | മുതൽ Ch.20/320) കോൺട്രാക്ട് തുക – 12,68,461/- രൂപ. |
| (ബി) | ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെന്ററില്ലാതെ എത്ര തുകയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്തു വിഭാഗത്തിനു കീഴിൽ കോഴിക്കോട് ജില്ലയിൽ വി വി ഐ പി വിസിറ്റുമായി ബന്ധപ്പെട്ട രണ്ടു പ്രവൃത്തികളും ഒരു എൽ എ സി എ ഡി എസ് പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്നു പ്രവൃത്തികളുടെ ആകെ തുക 1,75,70,126/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. വി.വി.ഐ.പി വിസിറ്റ് 2016 (24.09.2016 & 25.09.2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570/- രൂപ 2. എൽ.എ.സി-എ.ഡി.എസ്- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168/- രൂപ 3. വി.ഐ.പി വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388/- രൂപ കെട്ടിട വിഭാഗത്തിനു കീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവു പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റിഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513/- രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിയെ 2,75,81,716/- രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch.20/320) കോൺട്രാക്ട് തുക – 12,68,461/- രൂപ. |
| (സി) | ടെന്ററില്ലാതെ സർക്കാർ നിർമ്മാണപ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (സി) | ടെന്ററില്ലാതെ സർക്കാർ നിർമ്മാണപ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ